"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സഹകരണ വകുപ്പ് - വാർഷിക പദ്ധതി 2025-26 – "സഹകരണ ഉൽപ്പന്നങ്ങളുടെ ഉത്പാദനം, വിപണനം, കയറ്റുമതി എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള സഹായം" പദ്ധതി പ്രകാരം ധനസഹായം അനുവദിയ്ക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.528/2025/Co-Op തീയതി,തിരുവനന്തപുരം, 20-12-2025

---

പരാമർശം:-

1. സഹകരണ സംഘം രജിസ്ട്രാറുടെ 23/09/2025 ലെ പി&എം എ (1)/5785/2025 നം. കത്ത്.
2. സഹകരണ സംഘം രജിസ്ട്രാറുടെ 23.09.2025 ലെ പി&എം ബി(6)12372/2025 നം. കുറിപ്പ്
3. 04/10/2025 ലെ വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനം.
4. ഇ. അനുമതി നം AS/COP/25/ 47124 Subsidy

**<u>ഉത്തരവ്</u>**

കേരളത്തിലെ സഹകരണ മേഖലയിലെ ഉല്പ്പന്നങ്ങളെ ഏകീകൃത ബ്രാൻഡിംഗിന് കീഴിൽ കൊണ്ടുവന്ന് വിപണിയിൽ സജീവമാക്കുന്നതിനായി സഹകരണ വകുപ്പ് രൂപം നൽകിയിട്ടുള്ള "ബ്രാൻഡിംഗ് ആൻഡ് മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റിവ് പ്രോഡക്ട്സ് എന്ന പദ്ധതിയുടെ ഭാഗമായി സഹകരണ ഉൽപ്പന്നങ്ങൾക്ക് ഗുണനിലവാരത്തിന്റെ അടിസ്ഥാനത്തിൽ ഹോളോഗ്രാം നിർമ്മിച്ച് നൽകുന്ന ആവശ്യത്തിനായി "സഹകരണ ഉൽപ്പന്നങ്ങളുടെ ഉത്പാദനം, വിപണനം, കയറ്റുമതി എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള സഹായം" എന്ന പദ്ധതി പ്രകാരം 4 ലക്ഷം രൂപ (നാല് ലക്ഷം രൂപ മാത്രം) (2425-108-25 - സബ്സിഡി ശീർഷകം) അനുവദിക്കുന്നതിലേക്കായി പരാമർശം (1,2) എന്നിവ

പ്രകാരം സഹകരണ സംഘം രജിസ്ട്രാർ സമർപ്പിച്ച പ്രൊപ്പോസൽ പരാമർശം (3) പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

**2.** ഈ സാഹചര്യത്തിൽ, സഹകരണ സംഘം രജിസ്ട്രാറുടെ ശിപാർശയുടെയും **04/10/2025** ന് ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ, "ബ്രാൻഡിംഗ് ആൻഡ് മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്ട്സ് എന്ന പദ്ധതിയുടെ ഭാഗമായി സഹകരണ ഉൽപ്പന്നങ്ങൾക്ക് ഗുണനിലവാരത്തിന്റെ അടിസ്ഥാനത്തിൽ ഹോളോഗ്രാം നിർമ്മിച്ച് നൽകുന്ന ആവശ്യത്തിനായി “സഹകരണ ഉൽപ്പന്നങ്ങളുടെ ഉത്പാദനം, വിപണനം, കയറ്റുമതി എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനുള്ള സഹായം” എന്ന പദ്ധതി പ്രകാരം **4** ലക്ഷം രൂപ (നാല് ലക്ഷം രൂപ മാത്രം) ധനസഹായം **2425-108-25** - സബ്സിഡി ശീർഷകത്തിൽ നിന്നും **2025-26** സാമ്പത്തികവർഷത്തിൽ അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അജി ഫിലിപ്പ്

അഡിഷണൽ സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തിരുവനന്തപുരം.

ജില്ലാ ട്രഷറി ആഫീസർ, തിരുവനന്തപുരം.

ധനകാര്യ (അഗ്രി-സി) വകുപ്പ്

വെബ് & ന്യൂ മീഡിയ, ഓഫീസ് കോപ്പി (ബി3/216/2025/സഹ)

ഉത്തരവിൻ പ്രകാരം

Signed by
Priyanka T V
Date: 20-12-2025 14:34:48

സെക്ഷൻ ഓഫീസർ

പകർപ്പ്:-ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ പി.എസ്.

സഹകരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.